5. തിരുവനന്തപുരം ജില്ലയിൽ ആർമി ഹെഡ് ക്വാർട്ടേഴ്സ് 91 ഇൻഫന്ററി ബ്രിഗേഡ്, പാങ്ങോട്.

(ഡി) 1. ഒരു പഞ്ചായത്തിൽ ഒരു ഹൈസ്കൂൾ വേണമെന്ന സർക്കാരിന്റെ നയപരമായ തീരുമാനം അനുസരിച്ച് പാലക്കാട് ജില്ലയിലെ മരുതൂർ റോഡിൽ സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂൾ അനുവദിച്ചു.

2. ഇടുക്കി ചിന്നക്കനാലിലെ ഗവൺമെന്റ് യു.പി. സ്കൂൾ അപ്ഗ്രേഡ് ചെയ്യണമെന്ന് സർക്കാർ തീരുമാനിച്ചിരുന്നു. എന്നാൽ പ്രസ്തുത സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്നതിന് ആവശ്യമായ സൗകര്യങ്ങൾ നൽകുന്നതിന് പി.ടി.എ.ക്ക് കഴിവില്ലായെന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അറിയിക്കുകയും ഫാത്തിമ മാതാ എൽ.പി. സ്കൂൾ ഹൈസ്കൂളായി ഉയർത്തണമെന്ന് ശുപാർശ ചെയ്യുകയുമുണ്ടായി. ഈ ആവശ്യം പരിഗണിച്ച് പ്രസ്തുത സ്കൂൾ ഹൈസ്കൂളായി ഉയർത്താൻ അനുവാദം നൽകി.

3. ഗവൺമെന്റ് എൽ.പി. സ്കൂൾ വട്ടവട അപ്ഗ്രേഡ് ചെയ്ത് ഹൈസ്കൂളാക്കുന്നതിന് ആവശ്യമായ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് സ്പോൺസറിംഗ് കമ്മിറ്റിക്ക് കഴിയാതെ വന്ന സാഹചര്യത്തിൽ ഒരു പഞ്ചായത്തിൽ ഒരു ഹൈസ്കൂൾ എന്ന സർക്കാരിന്റെ നയപരമായ തീരുമാനം നടപ്പിലാക്കുന്നതിനായി വട്ടവടയിൽ കുറിയാക്കോസ് ഏലിയാസ് മെമ്മോറിയൽ ഹൈസ്കൂൾ അനുവദിച്ചു.

4. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഒ.പി. നമ്പർ 2756/96-ലെ ഉത്തരവ് നടപ്പിലാക്കുന്നതിനായി തിരുവമ്പാടി ഇൻഫന്റ് ജീസസ് ഇംഗ്ലീഷ് മീഡിയം സ്കൂളിന് ഒരു അംഗീകൃത യു.പി. സ്കൂൾ അനുവദിച്ചു.

5. ആർമിയിൽ സേവനമനുഷ്ഠിക്കുന്നവർക്ക് ട്രാൻസ്ഫർ ഉണ്ടാകുമ്പോൾ അവരുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിനുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനായി ഇംഗ്ലീഷ് ഒന്നാം ഭാഷയും ഹിന്ദി രണ്ടാം ഭാഷയുമായി ആർമി ഹെഡ് ക്വാർട്ടേഴ്സ് 91 ഇൻഫന്ററി ബ്രിഗേഡ് പാങ്ങോടിന് ഒരു എൽ.പി. സ്കൂൾ അനുവദിച്ചു.

6. പ്രസ്തുത സ്കൂളുകൾ എല്ലാം തന്നെ കേരള വിദ്യാഭ്യാസ റൂൾസിലെ അദ്ധ്യായം 5-ൽ പ്രതിപാദിച്ചിരിക്കുന്ന ചട്ടങ്ങൾക്ക് വിധേയമായിട്ടാണ് അനുവദിച്ചിരിക്കുന്നത്.

ഡിസ്ട്രന്റ് എഡ്യൂക്കേഷൻ കോ-ഓർഡിനേറ്റർ നിയമനം

36 (819)ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി.പി.ഇ.പി.യുടെ കീഴിൽ ഡിസ്ട്രന്റ് എഡ്യൂക്കേഷൻ കോ-ഓർഡിനേറ്റർ തസ്തികയിലേയ്ക്ക് നിയമനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഈ തസ്തികയിലേയ്ക്ക് തെരെഞ്ഞെടുക്കുന്നവർക്ക് എന്തെല്ലാം പ്രവൃത്തികളാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) വിദൂര വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി താഴെപ്പറയുന്ന പ്രവർത്തനങ്ങളാണ് നടപ്പിലാക്കുവാനുദ്ദേശിക്കുന്നത്.

1. ആവശ്യമായ വിവരങ്ങൾ നിരന്തരമായി നൽകുന്നതിലൂടെ അദ്ധ്യാപക പരിശീലനം ശക്തിപ്പെടുത്തുക.
2. അതിലേയ്ക്കാവശ്യമായ ഓഡിയോ/വീഡിയോ കാസറ്റുകൾ നിർമ്മിക്കുക, ടെലി കോൺഫറൻസിംഗ് നടത്തുക.
3. കുട്ടിയുടെ പഠനത്തിനാവശ്യമായ ഓഡിയോ/വീഡിയോ കാസറ്റുകൾ നിർമ്മിക്കുക.
4. വിദ്യാഭ്യാസ രംഗത്തെക്കുറിച്ച് സമൂഹത്തിന് സമഗ്രമായ അവബോധം സൃഷ്ടിക്കുക.

മേൽ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് നടപ്പാക്കേണ്ട ചുമതലയാണ് ഡിസ്റ്റന്റ് എഡ്യൂക്കേഷൻ കോ-ഓർഡിനേറ്റർക്കുള്ളത്.

എൽ.പി., യു.പി. സ്കൂൾ അദ്ധ്യാപക നിയമനം

37 (820) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എൽ.പി., യു.പി സ്കൂൾ അസിസ്റ്റന്റ് നിയമനത്തിൽ നിലവിലുള്ളതായി പറയപ്പെടുന്ന അപാകതകൾ പരിഹരിക്കാനായി ബി.എഡ്. ബിരുദധാരികളെ യു.പി. വിഭാഗത്തിൽ മാത്രമായി നിയമിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിൻപ്രകാരം ഇപ്പോൾ സർവ്വീസിൽ ഉള്ള അദ്ധ്യാപകരെയും ടി.ടി.സി, ബി.എഡ്. യോഗ്യത അനുസരിച്ച് എൽ.പി. യു.പി വിഭാഗങ്ങളിൽ തന്നെ നിയമിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇപ്രകാരം നിയമനം നൽകേണ്ടി വരുമ്പോൾ എന്തെങ്കിലും പ്രായോഗിക വിഷമതകൾ ഉണ്ടാകാൻ സാദ്ധ്യതയുള്ളതായി കരുതുന്നുണ്ടോ; എങ്കിൽ അവ വിശദമാക്കുമോ;

(ഡി) പ്രൈമറി വിദ്യാഭ്യാസ രംഗത്ത് ഇപ്പോൾ ഉണ്ടായിട്ടുള്ള മാന്ദ്യം ഇല്ലാതാക്കാൻ എത്രയും വേഗം ഇക്കാര്യത്തിൽ തീരുമാനമെടുക്കാനും സ്ഥലം മാറ്റം ആവശ്യമെങ്കിൽ എത്രയും വേഗം നൽകി നിയമനം നടത്തി അദ്ധ്യയനം ആരംഭിക്കാനാവശ്യമായ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) ബി.എഡ്. ബിരുദധാരികളെക്കൂടി യു.പി. വിഭാഗത്തിൽ നിയമിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) ഉദിക്കുന്നില്ല.

(ഡി) നിലവിലുള്ള ഒഴിവുകളെല്ലാം വ്യവസ്ഥാപിതമായ മാർഗ്ഗങ്ങളിലൂടെ നികത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly